**മധുരമായ ആജ്ഞാകാരികളായ കുട്ടികളേ- നിങ്ങൾ സദാ അതീന്ദ്രിയ സുഖത്തിൽ കഴിയണം, ഒരിക്കലും കരയരുത് എന്തുകൊണ്ടെന്നാൽ ഇപ്പോൾ നിങ്ങൾക്ക് ഉയർന്നതിലും ഉയർന്ന ബാബയെ ലഭിച്ചിരിക്കയാണ്.**

**ചോദ്യം** – അതീന്ദ്രിയ സുഖം നിങ്ങൾ ഗോപഗോപികമാരെ കുറിച്ചാണ് പാടിയിരിക്കുന്നത്, ദേവതകളെ കുറിച്ചല്ല, എന്തുകൊണ്ട്?
**ഉത്തരം** – എന്തുകൊണ്ടെന്നാൽ ഇപ്പോൾ നിങ്ങൾ ഈശ്വരന്റെ സന്താനങ്ങളായി മാറിയിരിക്കുകയാണ്. നിങ്ങൾ മനുഷ്യരെ ദേവതകളാക്കുന്നവരാണ്. ദേവതകളായിക്കഴിഞ്ഞാൽ പിന്നെ താഴേക്ക് ഇറങ്ങാനും തുടങ്ങും, ഡിഗ്രി കുറയാൻ ആരംഭിക്കും അതിനാൽ അവരുടെ സുഖത്തെ കുറിച്ച് മഹിമയില്ല. നിങ്ങൾ കുട്ടികളുടെ സുഖത്തെ കുറിച്ചാണ് മഹിമയുള്ളത്.

**ഗീതം** – എനിക്ക് ആശ്രയം നൽകുന്നവനേ..........

**ഓം ശാന്തി**. ഇത് ഒരാളാണോ പറഞ്ഞത് അതോ രണ്ടുപേരാണോ? എന്തുകൊണ്ടെന്നാൽ ബാബയും ഉണ്ട് അതോടൊപ്പം ദാദയും ഉണ്ട്. അതിനാൽ ഈ ഓം ശാന്തി ആരാണ് പറഞ്ഞത്? രണ്ടുപേരും പറഞ്ഞിട്ടുണ്ട് എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം രണ്ട് ആത്മാക്കളാണ് ഉള്ളത്. ഒന്ന് ആത്മാവാണ്, മറ്റൊന്ന് പരമാത്മാവാണ്. ബാക്കി എല്ലാവരേയും ജീവാത്മാവ് എന്നാണ് പറയാറുള്ളത്. നിങ്ങൾ ആത്മാക്കളും ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്. മറ്റു ധർമ്മങ്ങളുടെ കാര്യം തന്നെ ഇല്ല. ബാബ ഭാരതത്തിലാണ് വരുന്നത്. ജന്മഭൂമി ഭാരതമാണ്. ശിവജയന്തി ആഘോഷിക്കുന്നുണ്ടല്ലോ, പക്ഷെ എപ്പോൾ എവിടെ വരും, ഇത് ആർക്കും അറിയില്ല. നിരാകാരനെയാണ് ശിവൻ എന്ന് പറയുന്നത്. ബാബയുടെ പൂജയും നടക്കുന്നുണ്ട്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. എന്താണോ കഴിഞ്ഞു പോയത്, അതാണ് ആഘോഷിക്കുന്നത്. പക്ഷെ ബാബ എപ്പോഴാണ് വരുന്നത്, എന്ത് ചെയ്ത് പോയി ഇത് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എല്ലാം അറിയാം. ആരുടെ രാത്രിയാണ് ആഘോഷിക്കുന്നത് ഇതും നിങ്ങൾക്ക് ചോദിക്കാം. ക്ഷേത്രത്തിൽ പോയി ചോദിക്കണം – ഇത് ആരാണ്, ഇവരുടെ രാജ്യം എന്നാണ് ഉണ്ടായിരുന്നത് പരംപിതാ പരമാത്മാവിന്റെ കൂടെ നിങ്ങൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്? ബാബയുടെ കൂടെ ആർക്കാണ് സംബന്ധം ഉള്ളത്? സർവ്വർക്കും സംബന്ധം ഉണ്ട് എന്ന് പറയും. ബാബ സർവ്വരുടേയും പരംപിതാവാണ്. അപ്പോൾ തീർച്ചയായും സർവ്വർക്കും പിതാവിൽ നിന്നും സുഖത്തിന്റെ സമ്പത്ത് പ്രാപ്തമാകും. ഈ സമയത്ത് ദു:ഖത്തിന്റെ ലോകമാണ്. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ കണ്ടുപിടിക്കുന്നുണ്ടെങ്കിലും ദു:ഖത്തിന്റെ അളവും വർദ്ധിക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇപ്പോൾ താഴ്ന്ന കലയാണ്. എത്ര ആപത്തുകളാണ് വരുന്നത്. മനുഷ്യർക്ക് ദു:ഖം കാണുക തന്നെ വേണം. എപ്പോഴാണോ വളരെയധികം ദു:ഖം വരുന്നത് അപ്പോൾ അയ്യോ അയ്യോ എന്ന് നിലവിളിക്കും, അപ്പോഴാണ് ബാബ വരുന്നത്. ഈ സമയത്ത് എല്ലാ മനുഷ്യരും പതിതരാണ്, അതുകൊണ്ടാണ് ഇതിനെ വികാരി ലോകം എന്ന് പറഞ്ഞത്. അവിടെ സത്യയുഗത്തിൽ ദു:ഖം ഉണ്ടാകില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ഈ സമയത്ത് എല്ലാവരും രാവണൻ അർത്ഥം 5 ഭൂതങ്ങൾക്ക് വശപ്പെട്ടിരിക്കുകയാണ്. ഇതാണ് നിങ്ങളുടെ ശത്രു. ദു:ഖത്തിന്റെയും കലയുണ്ടല്ലോ. ഇപ്പോൾ വളരെ തമോപ്രധാനമായി മാറിയിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ വിഷത്തിലൂടെയാണല്ലോ ജന്മം കിട്ടുന്നത്. അവിടെ വിഷം ഉണ്ടാവുകയില്ല എന്ന കാര്യം മനുഷ്യർക്ക് അറിയില്ല. ചോദിക്കും വിഷം ഇല്ലെങ്കിൽ പിന്നെ കുട്ടികൾ എങ്ങനെ ജനിക്കും. പറയൂ, നിങ്ങൾ ആദ്യം അച്ഛനെ അറിയണം, അച്ഛനിൽ നിന്നും സമ്പത്തെടുക്കണം. ബാക്കി അവിടെയുള്ള രീതിയും ആചാരങ്ങളും എന്താണോ അതായിരിക്കും അവിടെ നടക്കുക. നിങ്ങളിൽ ഈ സംശയം എന്തുകൊണ്ടാണ് വരുന്നത്? ചിലർ ചോദിക്കും ശിവബാബ ഇവിടെ ഉള്ളപ്പോൾ മൂലവതനത്തിൽ ആത്മാക്കൾ ഉണ്ടാകുമോ? തീർച്ചയായും. ഇവിടെ ആത്മാക്കളുടെ എണ്ണം വർദ്ധിക്കുന്നുണ്ടല്ലോ, അതിന്റെ അർത്ഥം അവിടെ ആത്മാക്കളുണ്ട് എന്നതു തന്നെയാണ്. പക്ഷെ ആദ്യമാദ്യത്തെ മുഖ്യമായ കാര്യമാണ് – ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം. മറ്റു കാര്യങ്ങളുമായി നിങ്ങൾക്ക് എന്തു സംബന്ധമാണ് ഉള്ളത്? എപ്പോഴാണോ നിങ്ങളുടെ ജ്ഞാനത്തിന്റെ നേത്രം തുറക്കുന്നത് പിന്നെ ഒരു ചോദ്യവും ചോദിക്കാൻ ഉണ്ടാവുകയില്ല. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ, സമ്പത്തിനേയും ഓർമ്മിക്കണം. കേവലം മുക്തി ആഗ്രഹിക്കുകയാണെങ്കിൽ മൻമനാഭവയാകൂ. രാജ്യാധികാരം ആഗ്രഹിക്കുന്നുണ്ടെങ്കിൽ മദ്ധ്യാജിഭവ.

നിങ്ങൾ കുട്ടികൾക്ക് അറിയാം നിങ്ങളെ പഠിപ്പിക്കുന്നത് ആരാണ്? ഈ ചൈതന്യ ഡബ്ബയിൽ ചൈതന്യ വജ്രമാണ് ഇരിക്കുന്നത്. ബാബ സത്യമായ അച്ഛനാണ്, പരമാത്മാവാണ് ശരീരത്തിലൂടെ സംസാരിക്കുന്നത്. ആരെങ്കിലും മരിച്ചാൽ അവരുടെ ആത്മാവിനെ വിളിക്കാറുണ്ടല്ലോ. ആ സമയത്ത് തന്റെ അച്ഛന്റെ ആത്മാവ് വന്നു എന്നെല്ലാം അവർക്ക് തോന്നാറുണ്ട്. രണ്ട് ആത്മാക്കൾ ഉള്ളതു പോലെ തോന്നും. ആ ആത്മാവ് വന്ന് വാസന സ്വീകരിക്കും. ഇതെല്ലാം ഡ്രാമയിൽ ഉള്ളതാണ്. പക്ഷെ തീർച്ചയായും ഭാവനക്ക് അനുസരിച്ചുള്ള ഫലം പ്രാപ്തമാകും. ആദ്യമെല്ലാം ബ്രാഹ്മണർക്ക് കുറച്ച് ശക്തി ഉണ്ടായിരുന്നു, ആത്മാവ് വന്ന് ബ്രാഹ്മണരിലൂടെ സംസാരിക്കുമായിരുന്നു. താല്പര്യത്തോടെ ഭോജനം കഴിപ്പിക്കുമായിരുന്നു. അവർ ആത്മാവാണ് എന്ന ജ്ഞാനം അപ്പോഴും ഉണ്ടായിരുന്നില്ല. ആത്മാക്കൾ വാസന സ്വീകരിക്കും എന്നാൽ ബാബ ഇതും ചെയ്യുന്നില്ല കാരണം ബാബ അഭോക്താവാണ്. ആത്മാവാണ് അതെല്ലാം അനുഭവിക്കുന്നത്. ബാബ പറയുന്നു ഞാൻ അഭോക്താവാണ്. ആത്മാവ് വാസനക്ക് അടിമയാണ്. ഞാൻ അതിനൊന്നും അടിമപ്പെട്ടിട്ടില്ല, എന്റെ കൂടെ യോഗം വെക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം ഭസ്മമാകും. ശിവജയന്തി ആഘോഷിക്കുന്നുണ്ട് എന്ന് മനസ്സിലാക്കി കൊടുക്കണം. ശിവൻ നിരാകാരനാണ്. ആത്മാവിന്റേയും ജയന്തി ആഘോഷിക്കാറുണ്ട്. ആത്മാവ് ശരീരത്തിലേക്ക് പ്രവേശിക്കുന്നു. ശിവൻ പതിത പാവനനാണ്, ഈ രാവണന്റെ ലോകത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നത് ബാബയെ തന്നെയാണ്. ഈ സമയത്ത് 5 വികാരങ്ങളാണ് സർവ്വവ്യാപി ആയിരിക്കുന്നത്. പകുതി പകുതി ആണല്ലോ. എപ്പോഴാണോ രാവണ രാജ്യം ആരംഭിച്ചത് അപ്പോഴാണ് മറ്റു ധർമ്മങ്ങളെല്ലാം വന്നത്. എല്ലാവർക്കും തങ്ങളുടെ പാർട്ട് അഭിനയിക്കാൻ വരണം. ഞാൻ ഇവിടേക്കാണ് വരുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ ചൈതന്യ ഡബ്ബയിൽ കക്കയെ വജ്രമാക്കി മാറ്റുന്ന ബാബ ഇരിക്കുന്നുണ്ട്. ബാബ സത്യമാണ് ചൈതന്യമാണ് ആനന്ദ സ്വരൂപമാണ്, ജ്ഞാന സാഗരൻ. നിങ്ങൾക്ക് ഇപ്പോൾ അറിയുന്നുണ്ട്, ബാബ ഓർമ്മ ഉണർത്തി തരുകയാണ് എന്നിട്ടും ഓർമ്മ മറക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ ആ പോപ്പുമാർക്കെല്ലാം ചൈതന്യ ശരീരമുണ്ട്. പ്രശസ്തമാണല്ലോ. അവർക്ക് എത്ര മഹിമയാണ് ഉള്ളത്. ഇവിടെയാണെങ്കിൽ ഈ ഡബ്ബയിൽ ഒളിഞ്ഞിരിക്കുന്ന വജ്രമാണ്. ബാബ ഒരു പ്രാവശ്യമാണ് വരുന്നത് എന്നതും ആർക്കും അറിയില്ല. ബാബ ഇതിലാണ് വരുന്നത് എന്നത് കുട്ടികൾക്ക് അറിയാം. ഇത് നമ്മുടെ സത്യമായ അച്ഛനാണ്, സത്യമായ ടീച്ചറുമാണ്. ഇത് പാഠശാലയാണല്ലോ. നിങ്ങളിലും പലരും മറക്കുന്നുണ്ട്. പെരുമാറ്റത്തിലൂടെ എല്ലാം അറിയാൻ കഴിയും. ചില കുട്ടികൾക്ക് കുറച്ച് പരീക്ഷ വരുമ്പോഴേക്കും മയങ്ങി പോകുന്നുണ്ട്. ഇല്ലെങ്കിൽ കുട്ടികൾ പറയും അങ്ങ് എന്താണോ കഴിപ്പിക്കുന്നത്, അങ്ങ് സ്നേഹിച്ചാലും, അങ്ങ് അടിച്ചാലും ഞങ്ങൾ അങ്ങയോടൊപ്പം ഉണ്ടാകും. സത്പുത്രന്മാർ ആജ്ഞാകാരികളായിരിക്കും. ബാബ പറയുകയാണ് – ഒരിക്കലും കരയരുത്. നിങ്ങൾക്ക് ഇത്രയും ഉയർന്ന അച്ഛനേയും പ്രിയതമനേയും കിട്ടിയിട്ടുണ്ട്, ആ ബാബയുടേതായി മാറിയതിനു ശേഷം എന്തിനാണ് കരയുന്നത്. ഞാൻ നിങ്ങളുടെ ഏറ്റവും വലിയ അച്ഛനാണ്. മായ മൂക്കിന് പിടിക്കുമ്പോഴാണ് നിങ്ങൾ കരയാറുള്ളത്. പാട്ടുമുണ്ട് – അതീന്ദ്രിയ സുഖം ഗോപഗോപികമാരോട് ചോദിക്കൂ എന്ന്. പക്ഷെ മായ മറപ്പിക്കും. ബാബയിൽ ബലിയർപ്പണമാകണം, സമർപ്പണമാകണം, ബാബയെ ഉള്ളുകൊണ്ട് ഓർമ്മിക്കുകയാണെങ്കിൽ സന്തോഷം ഉണ്ടായിരിക്കും. നിങ്ങൾ കുട്ടികൾക്ക് ഇപ്പോളറിയാം ബാബ സത്യം സത്യമായ ഇന്ദ്രനാണ്. വെള്ളത്തിന്റെ മഴ പെയ്യിക്കുന്ന ഇന്ദ്രനല്ല. ബാബ ജ്ഞാനത്തിന്റെ ഇന്ദ്രനാണ്. മഴവില്ല് ഉദിക്കാറുണ്ട്, അതിൽ പല നിറങ്ങളുണ്ടാകും പക്ഷെ 3 നിറങ്ങളാണ് മുഖ്യമായിട്ടുള്ളത്. ബാബ ഈ സമയത്ത് നിങ്ങളെ ത്രികാലദർശിയാക്കി മാറ്റുകയാണ്. ത്രികാലദർശി അർത്ഥം ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നവൻ അർത്ഥം സ്വദർശന ചക്രധാരി. മൂന്നു കാലങ്ങളേയും അറിയുന്നവനാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങൾ നിങ്ങളുടേതുമായി കൂടിച്ചേർക്കും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് ഇന്ദ്ര സഭയാണ് അതിനാലാണ് ബാബ എഴുതുന്നത് – ഏതൊരു വികാരിയും, അഴുക്കു നിറഞ്ഞവർക്കും എന്റെ സഭയിലേക്ക് വരാൻ കഴിയരുത്. നിങ്ങൾ ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്ന മാലാഖമാരാണ്. ജ്ഞാന ഇന്ദ്രൻ മാലാഖകൾക്ക് നൽകുന്ന ആജ്ഞയാണ് – ഏതെങ്കിലും വികാരിയെ ഇവിടേക്ക് കൊണ്ടു വരരുത്. നിങ്ങൾ കുട്ടികളുടെ അടുത്ത് വികാരികൾ തന്നെയാണ് നിർവ്വികാരി ആകുന്നതിന് വരുന്നത്. പക്ഷെ എന്റെ സഭയിലേക്ക് കൊണ്ടു വരരുത്. നിയമമുണ്ടല്ലോ. എന്തെന്നാൽ ബാബ അനേകരുമായി സംഭാഷണം ചെയ്യാറുണ്ട്. സത്യത ഉള്ളവരും, സതപുത്രരും നല്ല കുട്ടികളുമാണെങ്കിൽ അവരോട് സ്നേഹം തോന്നും. ഗാന്ധിജിയോട് എല്ലാവർക്കും സ്നേഹമുണ്ട് എന്ന ത്പോലെ, കാരണം അദ്ദേഹം നല്ല കർമ്മമാണല്ലോ ചെയ്തത്. ഈ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയെ മനസ്സിലാക്കണം, ഇത് വീണ്ടും ആവർത്തിക്കപ്പെടും. ഇതിൽ ആരെയും കുറ്റപ്പെടുത്താൻ കഴിയില്ല. രാവണന് എല്ലാവരേയും ഭ്രഷ്ടാചാരിയാക്കി മാറ്റുക തന്നെ വേണം. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കാണ് അറിയുന്നത്, വേറെയാർക്കും അറിയില്ല. പതിത പാവനൻ എന്നാണ് ബാബയെ പറയുന്നത്. ഒന്നും മനസ്സിലാക്കുന്നില്ല. കല്പം മുമ്പും ബാബയെ സഹായിച്ച കുട്ടികളാണ് നിങ്ങൾ. ഞങ്ങൾക്ക് ഈ

രാജ്യം എങ്ങനെയാണ് പ്രാപ്തമായത് എന്നത് സത്യയുഗത്തിൽ എത്തിയാൽ അറിയുകയില്ല.

ഇപ്പോൾ നിങ്ങൾക്ക് അറിയാം – ഈ പരിധിയില്ലാത്ത ബാബ എത്ര ഉന്നതനായ വ്യക്തിയാണ്. ബാബയാണ് കക്ക പോലെയുള്ള ഭാരതത്തെ വജ്ര സമാനമാക്കി മാറ്റുന്നത്. സ്വർഗ്ഗത്തിൽ ഒരേയൊരു ആദി സനാതന ദേവി ദേവതാ ധർമ്മമാണ് ഉണ്ടായിരുന്നത്, ഇപ്പോൾ വീണ്ടും അതിന്റെ സ്ഥാപന നടക്കുകയാണ്. മുഴുവൻ ലോകത്തിലും ശാന്തിയുടെ സ്ഥാപന ചെയ്യുന്നത് പരംപിതാ പരമാത്മാവിന്റെ കർത്തവ്യമാണ്. ബാബ വന്ന് സർവ്വരേയും ധനവാനും യോഗ്യരുമാക്കി മാറ്റുകയാണ്. എങ്ങനെയാണ് നിങ്ങൾ നിർധനരായി മാറിയത് എന്നതും ബാബ മനസ്സിലാക്കി തരുന്നുണ്ട്. രാവണ രാജ്യം എപ്പോഴാണ് ആരംഭിച്ചത്, ഇത് അറിയുന്നില്ല. രാവണന്റെ കോലം ഉണ്ടാക്കി കത്തിക്കുന്നുണ്ട്. ഇപ്പോൾ ഭക്തി മാർഗ്ഗത്തിന്റെ താഴ്ന്ന കലയാണ്. സത്യയുഗത്തെയാണ് രാമരാജ്യം എന്ന് പറയുന്നത്. നിങ്ങൾ ഈ സമയത്ത് ഈശ്വരന്റെ അവകാശികളായി മാറിയിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ കല കുറഞ്ഞു വരുകയാണല്ലോ. ഈ സമയത്ത് നിങ്ങളിൽ വളരെ രാജകീയത ഉണ്ടായിരിക്കണം. നിങ്ങൾ മനുഷ്യരെ ദേവതകളാക്കുന്നവരാണ്. ഗോപഗോപികമാരുടെ അതീന്ദ്രിയ സുഖം പാടപ്പെട്ടിട്ടുണ്ട്. ലക്ഷ്മി നാരയണനോട് അതീന്ദ്രിയ സുഖത്തെ കുറിച്ച് ചോദിക്കൂ എന്നും പറയാറില്ല, എന്നാൽ ഗോപഗോപികമാരെ കുറിച്ച് പറയാറുണ്ട് എന്തുകൊണ്ടെന്നാൽ അവർ ഈശ്വരന്റെ അവകാശികളാണ്. ദേവതകളാകുന്നു പിന്നീട് ഡിഗ്രി കുറയുന്നു.. രാജാക്കൻമാർ എത്ര ആർഭാടപൂർവ്വമാണ് നടക്കുന്നത് എന്നാലും എല്ലാവരും തമോപ്രധാനമാണല്ലോ.

ധാരാളം മനുഷ്യർ നിങ്ങളുടെ അടുത്ത് ബ്രഹ്മാവിന്റെ ചിത്രം കണ്ട് ആശയക്കുഴപ്പത്തിൽ വരുന്നു. അതിനാൽ നിങ്ങൾ കുട്ടികളുടെ അടുത്ത് ലക്ഷ്മി നാരായണന്റെ ചിത്രം ത്രിമൂർത്തിയുടെ ഒപ്പമുള്ളതും ഉണ്ട്, ത്രിമൂർത്തി ഇല്ലാത്തതും ഉണ്ട്, ഇതിൽ കേവലം ശിവനെയാണ് കാണിച്ചിരിക്കുന്നത്, അപ്പോൾ രണ്ടുപേരേയും കാണിക്കണമല്ലോ. അഥവാ ആരെങ്കിലും ബ്രഹ്മാവിനെ കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ അവരോട് ചോദിക്കണം പിന്നെ ആരുടെ ശരീരത്തിലാണ് പരമാത്മാവ് വരേണ്ടത്. ബ്രഹ്മാ സരസ്വതി തന്നെയാണ് ലക്ഷ്മി നാരായണനാകുന്നത്. തീർച്ചയായും ബ്രഹ്മാവിന്റെ ശരീരത്തിലേക്കാണ് വരുന്നത് എങ്കിലെ ബ്രഹ്മണർക്ക് ജന്മം ലഭിക്കുകയുള്ളൂ. ഇല്ലെങ്കിൽ ഇത്രയും കുട്ടികൾ എങ്ങനെ ഉണ്ടാകും. ഇത് ബ്രഹ്മാവിന്റെ കുട്ടികളായ ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരുമാണ്. നിങ്ങൾ ബ്രഹ്മാകുമാരന്മാരും ബ്രഹ്മാകുമാരിമാരുമാണ്. പ്രജാപിതാവില്ലാതെ സൃഷ്ടിയെ എങ്ങനെ രചിക്കും. ഇപ്പോൾ പുതിയ സൃഷ്ടിയുടെ രചന നടക്കുകയാണ്. നിങ്ങളും ഇതിൽ ഉള്ളവരാണ് എന്നാൽ അംഗീകരിക്കുന്നില്ലല്ലോ. അഥവാ ഇപ്പോൾ ബ്രാഹ്മണനായി മാറുന്നില്ലെങ്കിൽ ദേവതയാകാനും സാധിക്കില്ല. ഇതും മനസ്സിലാക്കുന്നുണ്ട് ആരുടെ തൈയ്യാണോ വെച്ചു പിടിപ്പിക്കേണ്ടത് അവരാണ് ഇവിടേക്ക് വരുക. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ബാബക്ക് ഓരോരുത്തരുടേയും സ്ഥിതി അറിയാം. ചിലർക്ക് ഏതെങ്കിലും വസ്തുവിനോട് താല്പര്യം, ചിലർക്ക് ഫാഷൻ കാണിക്കുന്നതിലാണ് താല്പര്യം, ബാബയോട് വന്ന് ചോദിക്കണം – ബാബാ ഞാൻ ശരിയായിട്ടാണോ നടക്കുന്നത്? എന്റെ ഈ കാര്യം ശരിയാണോ തെറ്റാണോ? അതിലൂടെ മനസ്സിലാക്കാം ഇവർക്ക് ഭയമുണ്ട്. നോക്കൂ, ഗാന്ധിജിക്ക് എത്രയധികം സഹായം കൊടുത്തിട്ടുണ്ട്, പക്ഷെ അതിന്റെ ഫലം സ്വയത്തിനു വേണ്ടി ആയിരുന്നില്ല, എല്ലാം തന്റെ നാടിനു വേണ്ടിയാണ് ചെയ്തത്. പിന്നെ ഗാന്ധിയും മനുഷ്യനായിരുന്നു, ഇത് പരിധിയില്ലാത്ത ബാബയാണ്. ശിവബാബ ദാതാവാണ്, എല്ലാം കുട്ടികൾക്കു വേണ്ടിയാണ് ചെയ്യുന്നത്. ചോദിക്കാറുണ്ട് നിങ്ങൾ ഈ ഒരു രൂപ എന്തിനാണ് കൊടുക്കുന്നത്? പറയും ശിവബാബക്ക് കൊടുക്കുകയാണ്, 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് ലഭിക്കും. ബാബ ദരിദ്രരുടെ നാഥനാണ്. 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് നൽകുകയാണ്, ഇത് ബുദ്ധിലേക്ക് വരണം. എല്ലാം കുട്ടികളുടെ കാര്യത്തിനാണ് ഉപയോഗിക്കുന്നത്. ഗാന്ധിയും കാര്യത്തിൽ ഉപയോഗിച്ചിരുന്നല്ലോ. ഒന്നും തനിക്കു വേണ്ടി സ്വരൂപിച്ചില്ല. തന്റെ പക്കൽ എന്തെല്ലാം ഉണ്ടായിരുന്നോ, അതെല്ലാം കൊടുത്തു, കൊടുക്കുന്നവർ ഒരിക്കലും സ്വയം സ്വരൂപിച്ചു വെക്കില്ല. സന്യാസിമാർ എല്ലാം ഉപേക്ഷിച്ച് പോകുന്നവരാണ് പിന്നെ വന്ന് സ്വരൂപിക്കാൻ തുടങ്ങും. അവരുടെ അടുത്ത് ധാരാളം ധനവുമുണ്ട്, ഫ്ളാറ്റുകളും ഉണ്ട്. വാസ്തവത്തിൽ ഒരു രൂപ പോലും സന്യാസിമാരുടെ കൈകളിൽ ഉണ്ടായിരിക്കരുത്. നിയമം അങ്ങനെയാണ്. അവർക്ക് ഒരിക്കലും ദാനം കൊടുക്കുന്നവരാകാൻ കഴിയില്ല. നിങ്ങൾക്ക് ബാബയുടെ നിർദേശത്തിലൂടെ നടക്കണം. ബാബാ ഇതെല്ലാം അങ്ങയുടേതാണ്, അങ്ങ് എന്ത് പറയുന്നുവോ അതിന് വേണ്ടി ഉപയോഗിക്കും. ബാബ നിർദ്ദേശം നൽകിക്കൊണ്ടിരിക്കും, കുട്ടികൾ ഇത് പ്രാവർത്തികമാക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓരോ ചുവടും ബാബയുടെ നിർദേശത്തിലൂടെ നടക്കണം. പൂർണ്ണമായും ബലിയർപ്പണമാകണം. എവിടെ ഇരുത്തുന്നോ, എന്ത് കഴിപ്പിക്കുന്നോ...അതുപോലെ ആജ്ഞാകാരി ആയി കഴിയണം.

2) തന്റെ പെരുമാറ്റം വളരെ കുലീനവും ഉയർന്നതുമാക്കി മാറ്റണം. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ് അതിനാൽ വളരെ കുലീനതയോടെ പെരുമാറണം, ഒരിക്കലും കരയരുത്.

## വരദാനം:- സാധാരണ ജീവിതത്തിൽ ഭാവനയുടെ ആധാരത്തിൽ ശ്രേഷ്ഠ ഭാഗ്യം നിർമ്മിക്കുന്നവരായ കോടി മടങ്ങ് ഭാഗ്യവാന്മാരായി ഭവിക്കട്ടെ.

ബാപ്ദാദക്ക് സാധാരണ ആത്മാക്കളെത്തന്നെയാണ് ഇഷ്ടം. ബാബയും സ്വയം സാധാരണ ശരീരത്തിലാണ് വരുന്നത്. ഇന്നത്തെ കോടിപതികളും സാധാരണക്കാരാണ്. സാധാരണക്കാരായ കുട്ടികളിൽ ഭാവനയുണ്ടാകും, മാത്രമല്ല ബാബക്കും ഭാവനയുള്ള കുട്ടികളെയാണ് വേണ്ടത്, ദേഹബോധമുള്ളവരെയല്ല. ഡ്രാമയനുസരിച്ച് സംഗമയുഗത്തിൽ സാധാരണക്കാരാകുക എന്നതും ഭാഗ്യത്തിന്റെ അടയാളമാണ്. സാധാരണക്കാരായ കുട്ടികൾ തന്നെയാണ് ഭാഗ്യവിധാതാവായ ബാബയെ തന്റേതാക്കി മാറ്റുന്നത്, അതിനാൽ അനുഭവം ചെയ്യുന്നു, അതായത് ''ഭാഗ്യത്തിൽ എനിക്ക് അധികാരമുണ്ട്''. അങ്ങനെയുള്ള അധികാരി തന്നെയാണ് കോടി മടങ്ങ് ഭാഗ്യശാലികളായി മാറുന്നത്.

## സ്ലോഗൻ:-സേവനങ്ങളിൽ ഹൃദയ വിശാലതയുണ്ടെങ്കിൽ അസംഭവ്യ കാര്യവും സംഭവ്യമാകും.